കേരള സർക്കാർ

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ വാർഷിക ഭരണ റിപ്പോർട്ട് 1997-98

©
കേരള സർക്കാർ
2000

കേരള ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ചത്, 2000.

## കേരള സർക്കാർ

### സംഗ്രഹം

### ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് 1997-98-ലെ വാർഷിക ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാ.) നം: 248/2000/ആസാ. തിരുവനന്തപുരം, 2000 മേയ് 29.

പരാമർശം : 4-11-1999-ൽ നമ്പർ പിബി (1)-15873/98/ഡി ഇ എസ് പ്രകാരം ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടർ അയച്ച കത്ത്

### ഉത്തരവ്

1. രേഖപ്പെടുത്തി.
2. റിപ്പോർട്ട് വർഷത്തിൽ ശ്രീ. യു. തോമസ്സ് ശ്ലീബ ഡയറക്ടറായി തുടർന്നു.
3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ

(1) കാർഷിക സ്ഥിതി വിവരക്കണക്കുകൾ.—കാർഷിക വിളകളുടെ മേഖല തിരിച്ചുള്ള സർവ്വേകളും മററും റിപ്പോർട്ട് വർഷവും തുടർന്നു.

(2) കാർഷിക സെൻസസ്.—പൂർണ്ണ കേന്ദ്ര സഹായത്തോടുകൂടി അഖിലേന്ത്യാതലത്തിൽ അഞ്ച് വർഷത്തിലൊരിക്കൽ നടത്തിവരുന്ന ഒരു സാമ്പിൾ സർവ്വേയാണിത്. സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

(i) കൈവശ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം.
(ii) കൈവശഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം.
(iii) കൈവശാനുഭവത്തിൻെറ സ്വഭാവം അനുസരിച്ചുള്ള വിതരണം.
(iv) കാർഷിക വിളകളുടെ വിസ്തീർണ്ണം.
(v) വസ്തു, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം.

3/3170/2000/B.

റിപ്പോർട്ട് വർഷത്തിൽ 1990-91-ലെ അഗ്രികൾച്ചർ സെൻസസിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിലേക്കയച്ചുകൊടുത്തിട്ടുണ്ട്. 1991-92-ലെ ഇൻപുട്ട് സർവ്വെയെ സംബന്ധിക്കുന്ന റിപ്പോർട്ടുകളും അയച്ചുകൊടുത്തു. ഇവയെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ടുകൾ പ്രിൻറു ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(3) കൃഷിച്ചിലവ് സർവ്വെ.—വികസനോന്മുഖമായ കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിനുവേണ്ടിയും കൃഷി ചെലവുകളെക്കുറിച്ചുള്ള കൃത്യവും വസ്തുനിഷ്ടവുമായ വാർഷിക സ്ഥിതിവിവര കണക്കുകൾ ആവശ്യമാണ്. റിപ്പോർട്ട് വർഷത്തിൽ നെല്ല് (മൂന്ന് സീസൺ) തെങ്ങ്, മരച്ചീനി, ഏത്തവാഴ, കുരുമുളക് എന്നീ പ്രധാന വിളകളെക്കുറിച്ചും മഞ്ഞൾ, ഇഞ്ചി എന്നീ ഉപവിളകളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.

(4) വ്യവസായ സ്ഥിതി വിവരക്കണക്ക് വിഭാഗം.—ആസൂത്രിത സാമ്പത്തിക വികസനത്തിൽ സംഘടിത വ്യവസായമേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷംതോറും നടത്തുന്ന ഫീൽഡ് സർവ്വെകളിലൂടെയാണ് വിലയിരുത്തുന്നത്. ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷനാണ് വിവിധ രീതികളിൽ ഈ വിലയിരുത്തലിന് ആവശ്യമായ കണക്കുകൾ ശേഖരിക്കുന്നത്.

ഇങ്ങനെ ശേഖരിക്കപ്പെടുന്ന കണക്കുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അവലോകനത്തിനുതകുന്ന വിധം വിവിധ സൂചകങ്ങൾ തയ്യാർ ചെയ്യുന്നതിനുവേണ്ടി ക്രോഡീകരിക്കുകയും ഇൻഡസ്ട്രി ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് വ്യവസായ സ്ഥിതി വിവരക്കണക്കു വിഭാഗത്തിന്റെ മുഖ്യമായ ചുമതല.

റിപ്പോർട്ട് വർഷവും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടർന്നു.

(5) സർവ്വെ ആൻറ് സ്ററഡീസ് വിഭാഗം.—കാർഷിക മേഖലയുമായി പങ്കാളിത്തമുള്ള സ്ത്രീകളെ സംബന്ധിക്കുന്ന വിപുലമായ ഒരു വിവരശേഖരണമാണ് സർവ്വെയുടെ ലക്ഷ്യം. എറണാകുളം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ വിവരശേഖരണത്തിനുശേഷം സർവ്വെ ഫലങ്ങളുടെ ടാബുലേഷൻ നടന്നുവരുന്നു.

(6) വ്യാവസായിക ഉല്പാദന മൊത്തവില നിലവാര സൂചിക.—വ്യാവസായിക ഉല്പന്നങ്ങളുടെ മൊത്തവിലയിൽ മാററങ്ങൾ മനസ്സിലാക്കുന്നതിന് ഉല്പന്നങ്ങളുടെ മൊത്തവില ശേഖരിച്ച് വിലനിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.

(7) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം.—കേരളത്തിന്റെ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധതലങ്ങളിൽ നിന്ന് ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെയും, ജില്ലകളുടെയും മൊത്ത വരുമാനവും ആളോഹരി വരുമാനവും നിജപ്പെടുത്തുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം. 1997-98 വർഷത്തിലും ഈ പ്രവർത്തനം തുടർന്നു.

(8) പ്രൈസസ് വിഭാഗം.—ഈ വിഭാഗം ആവശ്യസാധനങ്ങളുടെ ദൈനംദിന വിലകൾ, നിത്യോപയോഗ സാധനങ്ങൾ, അവയുടെ കമ്പോള നിലവാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ അവലോകനം ചെയ്ത് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു.

(9) ജനന മരണ സ്ഥിതിവിവരം.—സംസ്ഥാനത്തൊട്ടാകെയുള്ള ജനന മരണ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി നടപ്പു വർഷവും തുടർന്നു. സ്പോട്ട് ചെക്ക് സർവ്വെ, മരണകാരണങ്ങളെപ്പററി മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിനുമേലുള്ള പഠനം, ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണ കാരണങ്ങളെപ്പററിയുള്ള പഠനം എന്നീ പദ്ധതികളും നടപ്പുവർഷം തുടർന്നു.

(10) സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി.—സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകാവുന്ന അപാകതകൾ നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാ വർദ്ധനവ് കണക്കുകൾ ലഭ്യമാകാതെ വന്ന സഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതു നിർദ്ദേശ മാനുവലിന്റെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച് ഭാരതമൊട്ടാകെ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ. കേരളത്തിൽ ഒട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ യൂണിററുകളാണ് ഈ പദ്ധതി പ്രകാരമുള്ള കണക്കെടുപ്പ് നടത്തുന്നത്. റിപ്പോർട്ട് വർഷവും പദ്ധതി തുടർന്നു.

(11) ഭവന നിർമ്മാണവും വേതന ഘടന സർവ്വെയും.—ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും, കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വ്യാപാര-വാണിജ്യ മേഖലയിൽ ജോലിചെയ്യുന്ന ജോലിക്കാരുടെയും വേതന ഘടനയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് സംഗ്രഹിച്ച് ഭവന നിർമ്മാണ രംഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതനഘടനയെക്കുറിച്ചുള്ള വിവരങ്ങൾ സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിനു പഠനത്തിനായി കൊടുക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

1997-98 വർഷത്തിലും പ്രവർത്തനം തുടർന്നു.

(12) നാഷണൽ സാമ്പിൾ സർവ്വെ.—ഭാരത സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനും നടത്തി വരുന്ന സർവ്വെ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ ഗ്രാമങ്ങളിലും നഗരങ്ങളിലും നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷനും ഈ വകുപ്പും തുല്യ സാമ്പിളുകളിൽ സർവ്വെ നടത്തിവരുന്നു. ഓരോ കാലയളിവലും നിലവിൽ താൽപ്പര്യമുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സർവ്വെ നടത്തുന്നു.

(13) പ്രസിദ്ധീകരണ വിഭാഗം.—ഈ വകുപ്പു നടത്തുന്ന സർവ്വേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. സ്ഥിതിവിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിന്റേതാണ്.

4. ചെലവ്.—1997-98 വർഷത്തെ പദ്ധതി ചെലവുകൾക്കായി 582.86 ലക്ഷം രൂപയും പദ്ധതിയേതര ചെലവുകൾക്കെതിരായി 592.55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

5. റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ശാന്തമ്മ ചെറിയാൻ,
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്,
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),
കേരള, തിരുവനന്തപുരം,
പൊതുഭരണ (എ. ആർ.) വകുപ്പ്,
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

## ആമുഖം

| | | | |
|---|---|---|---|
| വകുപ്പു മന്ത്രി | — | | ശ്രീ. ഇ. കെ. നായനാർ |
| വകുപ്പു സെക്രട്ടറി | — | | ,, കെ. എൻ. കുറുപ്പ് |
| വകുപ്പു അദ്ധ്യക്ഷൻ | — | | ,, യു. തോമസ് സ്ലീബ |
| അഡീഷണൽ ഡയറക്ടർമാർ | — | 1. | ശ്രീ. എ. മീരാസാഹിബ് |
| | | 2. | ,, എം. ആർ. ബാലകൃഷ്ണൻ |
| | | 3. | ശ്രീമതി എം. എസ്. വൽസല. |

കേരളത്തിലെ സ്ഥിതി വിവരകണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951-ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയും 1954-ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്കുശേഖരിക്കേണ്ട ഒരു മേജർ വകുപ്പായിമാറി. ഇപ്പോൾ ഡിപ്പാർട്ട്മെൻറ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സായി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക സ്ഥിതി വിവരകണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ ശേഖരണം, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായും സ്ററാററിസ്ററിക്കൽ അതോറിററിയായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരകണക്കുകളുടെ ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററ് സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെടുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈവകുപ്പ് പ്രധാന പങ്ക് വഹിക്കുന്നു.

<u>കാർഷിക സ്ഥിതി വിവര കണക്കുകൾ</u> :— അതാത് കാർഷിക വർഷങ്ങളിലെ സ്ഥിതിവിവര കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സർവ്വേ (ഇ. എ. ആർ. എ. എസ്.)

1975-76-ന് മുമ്പുവരെ കാർഷിക സ്ഥിതിവിവര കണക്കുകൾ തിട്ടപ്പെടുത്തിയിരുന്നത് വർഷാവർഷങ്ങളിൽ നടത്തിയിരുന്ന ഭൂവിനിയോഗ സർവ്വേയുടെ അടിസ്ഥാനത്തിലാണ്. നിശ്ചിത ലക്ഷ്യം കൈവരിക്കാൻ ഇത്തരം സർവ്വേകൾക്ക് സാദ്ധ്യമായില്ല. ഈ ഘട്ടത്തിലാണ് ഭാരത സർക്കാരിൻെറ സാമ്പത്തിക സഹായത്തോടുകൂടി ടി. ആർ. എസ് സിൻെറ ഭാഗമായി ഇ. എ. ആർ. എ. എസ്. പദ്ധതി നടപ്പിലാക്കിയത്. ഓരോ കാർഷിക വർഷവും തെരഞ്ഞെടുക്കപ്പെട്ട 20% വില്ലേജുകളിൽ പരിപൂർണ്ണ പഠനം നടത്തി വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മൂന്നു റൗണ്ടുകളിൽ ഇത്തരത്തിൽ പഠനങ്ങൾ നടത്തി. പ്രസ്തുത സർവ്വേയിൽ സംസ്ഥാനതലത്തിലേയും ജില്ലാതലത്തിലേയും വിസ്തൃതിയും ഉൽപ്പാദനവും മാത്രമേ കണക്കാക്കാൻ കഴിഞ്ഞുള്ളു. താഴ്ന്ന തലത്തിലുള്ള അപഗ്രഥനത്തിന് ഈ പഠനം സഹായകമായില്ല.

ഭാരത സർക്കാരിന്റെ ക്രോപ്പ് ഇൻഷ്വറൻസിന്റെ ആഗമനത്തോടെ താഴ്ന്ന തലത്തിലുള്ള കാർഷിക പഠനം അനിവാര്യമായിത്തീർന്നു. ഇത്തരുണത്തിൽ 1987-88 മുതൽ സാമ്പിൾ സർവ്വേ ഇ. എ. ആർ. എ. എസ്. എന്ന പദ്ധതിയുടെ കീഴിൽ ബ്ലോക്കുതലത്തിൽ വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കുന്നതിനുവേണ്ടി ആരംഭിച്ചു. ഇ. എ. ആർ. എ. എസ്. എന്ന സ്കീമിന്റെ ഉദ്ദേശം ഭൂവിനിയോഗം, ഭൂവിസ്തൃതി, കാർഷികോൽപ്പാദനം എന്നിവയുടെ സ്ഥിതിവിവര കണക്ക് ചെറിയ യൂണിററായ ബ്ലോക്ക് തലത്തിൽ കണക്കാക്കി ജില്ലാതലത്തിൽ ക്രോഡീകരിക്കുകയാണ്. ഇതിനുവേണ്ടി 10 കിലോമീററോ അതിലധികമോ വിസ്തൃതിയുള്ള ബ്ലോക്ക്, സിററികോർപ്പറേഷൻ, മുനിസിപ്പാലിററി എന്നിവയെ പ്രത്യേകം സ്ട്രാററം ആയി കണക്കാക്കുന്നു. 10 കിലോമീററർ കുറച്ച് വിസ്തൃതിയുള്ള മുനിസിപ്പാലിററിയെ അടുത്ത ബ്ലോക്കുമായി ചേർത്ത് ഒററ സ്ട്രാററം ആയി കണക്കാക്കുന്നു. ബ്ലോക്കുകളെ അവയുടെ വിസ്തൃതിയും ഭൂഘടനയും അനുസരിച്ച് പല ഇൻവെസ്ററിഗേഷൻ സോൺ ആയി തിരിക്കുന്നു. സിററി കോർപ്പറേഷൻ ഓരോന്നും മൂന്ന് ഇൻവെസ്ററിഗേററർ സോൺ ആയും 10 കിലോമീറററിലധികം വിസ്തൃതിയുള്ള ഓരോ മുനിസിപ്പാലിററിയേയും ഓരോ ഇൻവെസ്ററിഗേററർ സോൺ ആയും കണക്കാക്കുന്നു. സർവ്വേക്കുവേണ്ടി ഓരോ ഇൻവെസ്ററിഗോറർ സോണിലും 5 സർവ്വേ നമ്പരുകൾ വീതമുള്ള 100 ക്ലസ്ററുകൾ തെരഞ്ഞെടുക്കുന്നു.

1997-98-ൽ പൂർത്തിയാക്കിയ സർവ്വേ ജോലികൾ :—എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകളുടേയും ഏരിയ എന്യൂമറേഷനും വിളപരീക്ഷണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്, കൂടാതെ തൻവർഷത്തിൽ ഉപവിളകളായി തെരഞ്ഞെടുക്കപ്പെട്ട ഇഞ്ചി, കരിമ്പ് കൈതച്ചക്ക എന്നീ വിളകളുടേയും ഏരിയാ എന്യൂമറേഷനും വിളപരീക്ഷണവും പൂർത്തിയായി. സാമ്പിൾ ചെക്കിലെ ഏരിയ എന്യൂമറേഷൻ (എ. എസ്. 1.0)നും വിളപരീക്ഷണം (എ. എസ്. 2.0) പൂർത്തിയാക്കിയിട്ടുണ്ട്.

പൂർത്തിയാക്കിയ ടാബുലേഷൻ ജോലികൾ :—1995-96 കാർഷിക വർഷത്തിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ വിളകളുടേയും വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കപ്പെട്ടിട്ടുണ്ട്. 1997-98-ലെ മുണ്ടകൻവരെയുള്ള നെല്ലിന്റെ വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കപ്പെട്ടിട്ടുണ്ട്. 1997-98-ലെ മുണ്ടകൻ വരെയുള്ള സാമ്പിൾ ചെക്കിലെ വിസ്തൃതിയുടെയും വിളപരീക്ഷണത്തിന്റെയും ടാബുലേഷൻ ജോലികൾ പൂത്തിയാക്കുകയും ടാബുലേഷൻ റിസൽട്ട് എൻ. എസ്. എസ്. യ്ക്കു അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ :

1. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ്—1994-95.
2. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള സ്റേററ്—1991-92, 1992-93.

പ്രസിദ്ധീകരിക്കാൻ തയ്യാറായവ :

1. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ്—1995-96.

കാർഷിക സെൻസസ്:—പൂർണ്ണ കേന്ദ്ര സഹായത്തോടുകൂടി അഖിലേന്ത്യാ തലത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തിവരുന്ന ഒരു സാമ്പിൾ

സർവേയാണിത്. സർവ്വേ നടത്തുന്നത് അഞ്ചു വർഷത്തിലൊരിക്കലാണെങ്കിലും സർവ്വേയുടെ തയ്യാറെടുപ്പുകൾക്കും ഫീൽഡു സർവ്വേനടത്തിക്കഴിഞ്ഞ് അവയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊടുക്കുന്നതിനും മററുമായി അഞ്ചുവർഷക്കാലം മുഴുവനും ജോലി തുടരുന്നു.

20% പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിലാണ് ഓരോ തവണയും സെൻസസ് നടത്തുന്നത്. 1995-96 അടിസ്ഥാന വർഷമാക്കിയുള്ള ആറാമത് സെൻസസ് പ്രവർത്തനങ്ങളാണ് 1997-98 വർഷത്തിൽ നടത്തിയത്. സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. കൈവശ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം.
2. കൈവശഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം.
3. കൈവശാനുഭവത്തിൻെറ സ്വഭാവം അനുസരിച്ചുള്ള വിതരണം.
4. കാർഷിക വിളകളുടെ വിസ്തീർണ്ണം.
5. വസ്തു, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം.

1990-91-ലെ അഗ്രികൾച്ചർ സെൻസസിൻെറ പ്രവർത്തനങ്ങൾ പൂർത്തികരിച്ച ബന്ധപ്പെട്ട റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെൻറിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 1991-92-ലെ ഇൻപുട്ട് സർവ്വേയെ സംബന്ധിക്കുന്ന റിപ്പോർട്ടുകളും അയച്ചുകൊടുത്തു. ഇവയെ സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ടുകൾ പ്രിൻറ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1995-96 വർഷം കേരളത്തിലാകെയുണ്ടായിരുന്ന 12198 പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിൽ 2465 വാർഡുകളിലാണ് ആറാമത് സെൻസസിൻെറ ഭാഗമായി സർവ്വേ നടന്നുകൊണ്ടിരിക്കുന്നത്. വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേററർമാരാണ് ഫീൽഡ് സർവ്വേ നടത്തുന്നത്.

ആറാമത് സെൻസസിനായി സംസ്ഥാന, ജില്ലാ താലൂക്കുതല ട്രെയിനിംഗുകളും ലിസ്ററിംഗ് വർക്കും റിപ്പോർട്ട് വർഷം പൂർത്തിയാക്കിയിട്ടുണ്ട്. മെയിൻ സെൻസസ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഏതാനും ജില്ലകളിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മററു ജില്ലകളിലും സെൻസസ് പൂർത്തിയായി വരുന്നു. ഇൻപുട്ട് സർവ്വേ 1996-97 ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ആകെയുള്ള പഞ്ചായത്ത് വാർഡുകളുടെ ഏഴുശതമാനം വരുന്ന വാർഡുകളിലാണ് ടി സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നത്. വകുപ്പ് ഉദ്യോഗസ്ഥൻമാർ നേരിട്ടാണ് ടി സർവ്വേയുടെ ഫീൽഡ് വർക്ക് നടത്തുന്നത്.

സർവ്വേയുടെ നടത്തിപ്പിനായി ഹെഡ്ക്വാർട്ടേഴ്സിൽ അനുവദിച്ചിരിക്കുന്ന തസ്തികകളുടെ വിവരം താഴെ ചേർക്കുന്നു.

| തസ്തികയുടെ പേര് | ഓരോ തസ്തികയിലും അനുവദിച്ചിരിക്കുന്ന പോസ്ററുകളുടെ എണ്ണം |
|---|---|
| 1. ജോയിൻറ് ഡയറക്ടർ | 1 |
| 2. ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 3. അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | 1 |
| 4. റിസർച്ച് അസിസ്ററൻറ് | 2 |
| 5. കോൺഫിഡൻഷ്യൽ അസിസ്ററൻറ് | 1 |
| 6. എൽ. ഡി. കമ്പയിലർ | 2 |
| 7. എൽ. ഡി. ടൈപ്പിസ്ററ് | 1 |
| 8. പ്യൂൺ | 1 |

ഈ തസ്തികകൾ റിപ്പോർട്ടുവർഷവും തുടരുകയുണ്ടായി. ഈ സർവ്വേയ്ക്ക് 83 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചു. പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും 13 ലക്ഷം രൂപ റിപ്പോർട്ടുവർഷം ലഭിക്കുകയുണ്ടായി. താൽക്കാലിക കണക്കുകൾ അനുസരിച്ച് 1997-98 വർഷത്തെ ആകെ ചെലവ് 28.03 ലക്ഷം രൂപയാണ്.

കൃഷി ചെലവ് സർവ്വേ: വികസനോൻമുഖമായ കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിനുവേണ്ടിയും കൃഷി ചെലവുകളെ കുറിച്ചുള്ള കൃത്യവും വസ്തുനിഷ്ഠവുമായ വാർഷിക സ്ഥിതി വിവരകണക്കുകൾ ആവശ്യമാണ്. റിപ്പോർട്ട് വർഷത്തിൽ നെല്ല് (മൂന്ന് സീസൺ) തെങ്ങ് മരച്ചീനി, ഏത്തവാഴ, കുരുമുളക് എന്നീ പ്രധാന വിളകളെക്കുറിച്ചും മഞ്ഞൾ, ഇഞ്ചി എന്നീ ഉപവിളകളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. 1993-94 കാർഷിക വർഷത്തിൽ നടത്തിയ കൃഷി ചെലവ് സർവ്വേ ഫലങ്ങളുടെ കരട് റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 1994-95 വർഷത്തെ ടാബുലേഷൻ ജോലി പൂർത്തിയായി. 1995-96 വർഷത്തെ ടാബുലേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 1996-97 വർഷത്തെ ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തിയായി 1997-98 വർഷത്തെ ഫീൽഡ് സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വ്യവസായ സ്ഥിതിവിവരകണക്ക് വിഭാഗം :— ആസൂത്രിത സാമ്പത്തിക വികസനത്തിൽ സംഘടിത വ്യവസായ മേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷം തോറും നടത്തുന്ന ഫീൽഡ് സർവ്വേകളിലൂടെയാണ് വിലയിരുത്തുന്നത്. ഇന്ത്യാ ഗവൺമെൻറിൻെറ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനാണ് വിവിധ രീതികളിൽ ഈ വിലയിരുത്തലിന് ആവശ്യമായ കണക്കുകൾ ശേഖരിക്കുന്നത്.

ഇങ്ങനെ ശേഖരിക്കപ്പെടുന്ന കണക്കുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അവലോകനത്തിനുതകുന്ന വിധം വിവിധസൂചകങ്ങൾ തയ്യാർ ചെയ്യുന്നതിനുവേണ്ടിക്രോഡീകരിക്കുകയും ഇൻഡസ്ട്രി ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് വ്യവസായ സ്ഥിതി വിവരക്കണക്കു വിഭാഗത്തിന്റെ മുഖ്യമായ ചുമതല. കൂടാതെ കണക്കു ശേഖരണത്തിനായി വ്യവസായ മേഖലയിലെ വിവിധ യൂണിററുകളുടെ അടിസ്ഥാന ഫ്രെയിം തയ്യാറാക്കുന്നതിനും പുതുക്കുന്നതിനും വേണ്ടി സംസ്ഥാനത്തിലെ മററു ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തുന്നു.

റിപ്പോർട്ട് വർഷത്തിൽ 1993-94-ലെ റിപ്പോർട്ട് തയ്യാറാക്കുകയും ടി.എസ്.ഒ.യുടെ അംഗീകാരത്തിനായി അയച്ചു കൊടുക്കുകയും ചെയ്തു. 1994-95-ലെ ഷെഡ്യൂളുകളുടെ ടാബുലേഷൻ പൂർത്തിയാക്കി റിപ്പോർട്ടു തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 1995-96 വർഷത്തിലെ സർവ്വേ ഷെഡ്യൂളുകൾ ടാബുലേഷൻ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

സർവ്വെ ആൻറ് സ്ററഡീസ് വിഭാഗം :

(സർവ്വേയും പഠനങ്ങളും വിഭാഗം).—കാർഷിക മേഖലയിലും അനുബന്ധ മേഖലയിലും സ്ത്രീകളുടെ സാന്നിദ്ധ്യം, കാർഷിക മേഖലയിൽ സ്വീകരിച്ചിരിക്കുന്ന വിവിധ കൃഷി രീതികൾ, കൃഷിയെ സംബന്ധിച്ച പാരമ്പര്യ ജ്ഞാനം, നൂതന കാർഷിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന സ്ത്രീകളുടെ കുടുംബ പശ്ചാത്തലം, സാമൂഹിക സ്ഥിതി, വിദ്യാഭ്യാസ നിലവാരം തുടങ്ങി കാർഷിക മേഖലയുമായി പങ്കാളിത്തമുള്ള സ്ത്രീകളെ സംബന്ധിക്കുന്ന വിപുലമായ ഒരു വിവരശേഖരമാണ് സർവ്വേ ലക്ഷ്യമിട്ടത്.

എറണാകുളം ജില്ലയിലെ അങ്കമാലി, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ 3941 കുടുംബങ്ങളെയാണ് സർവ്വേയ്ക്കു വിധേയമാക്കിയത്. വിവരശേഖരണത്തിനുശേഷം സർവ്വേ ഫലങ്ങളുടെ ടാബുലേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വ്യാവസായിക ഉല്പാദന സൂചിക വിഭാഗം :—സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിനു വ്യാവസായിക ഉല്പാദന സൂചിക സഹായിക്കുന്നു. കേരള സർക്കാർ ഉത്തരവു നമ്പർ 280/75/പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കാൻ ആരംഭിച്ചത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. ത്രൈമാസിക ഉല്പാദന സൂചിക കണക്കാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ്, 1975 വരെ സൂചിക തയ്യാറാക്കി വന്നത്. 1988-89 മുതൽ 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ ഉല്പാദന സൂചിക തയ്യാറാക്കി വരുന്നു. 1994-95 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1995-96 വർഷത്തെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനു തയ്യാറാക്കിയിട്ടുണ്ട്.

1996-97,1997-98 വർഷത്തിലെ സൂചിക മാസാന്തിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രൈമാസ റിപ്പോർട്ടുകളായി കണക്കാക്കിയിരുന്ന സൂചിക മാസാന്തിക റിപ്പോർട്ടുകളായും അടിസ്ഥാന വർഷം 1980-81-ൽ നിന്ന് 1993-94 ആയി മാററുന്നതിലേക്കും ഉള്ള നടപടികൾ നടന്നുവരുന്നു.

വ്യാവസായിക ഉല്പാദന മൊത്തവിലനിലവാര സൂചിക.—വ്യാവസായിക ഉൽപ്പാദനങ്ങളുടെ മൊത്തവിലയിൽ മാററങ്ങൾ മനസ്സിലാക്കുന്നതിന് ഉൽപ്പന്നങ്ങളുടെ മൊത്തവില ശേഖരിച്ച് വില നിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി മൊത്തനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. സംഘടിത അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം ശേഖരിക്കുകയും സൂചിക തയ്യാറാക്കുകയും ചെയ്യുന്നു. 1995-96 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1996-97-ലെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറാക്കി. 1997-98-ലെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം.—കേരളത്തിന്റെ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധ തലങ്ങളിൽ നിന്ന് ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റേയും ജില്ലകളുടേയും മൊത്ത വരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം. ഇതിനു പുറമേ കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർ നിർണ്ണയിക്കുകയും ചെയ്യുന്നു. ഇത്തവണയും ഈ പ്രക്രിയ തുടർന്നു.

1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള പുതിയ പരമ്പരയിൽ 1995-96 വർഷത്തിലെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനം ആളോഹരി വരുമാനം ഇവ കേന്ദ്രവും സംസ്ഥാനവും വെവ്വേറെ തയ്യാറാക്കിയ സ്റേറററുമെൻറുകളിൻമേൽ 1998 മാർച്ച് 16 മുതൽ 20 വരെ ന്യൂഡൽഹിയിലെ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിൽ വച്ചു നടന്ന ചർച്ചയിൽ ഈ വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പങ്കെടുക്കുകയും കേന്ദ്ര നിർദ്ദേശാനുസരണം മൊത്ത വരുമാനത്തിലും ആളോഹരി വരുമാനത്തിലും വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്തു.

കൂടാതെ പുതിയ പരമ്പരയിൽ 1980-81 മുതൽ 1996-97 വരെ സംസ്ഥാനത്തിന്റേയും 1980-81 മുതൽ 1996-97 വരെ ജില്ലകളുടെ മൊത്തവരുമാനവും ആളോഹരി വരുമാനവും ഈ കാലയളവിൽ തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ആവശ്യത്തിലേക്കായി നൽകിയിട്ടുണ്ട്.

1981 മുതൽ 1996-97 വരെയുള്ള മൊത്ത വരുമാനവും ആളോഹരി വരുമാനവും കാണിക്കുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു

| വർഷം | തന്നതുവർഷ വിലകൾ മൊത്തവരുമാന (ലക്ഷം രൂപ) | ആളോഹരി വരുമാനം (രൂപ) | അടിസ്ഥാന വർഷ വിലകൾ: മൊത്തവരുമാനം (ലക്ഷം രൂപ) | അടിസ്ഥാന വർഷ വിലകൾ: ആളോഹരി വരുമാനം (രൂപ) |
|---|---|---|---|---|
| 1980-81 | 382273 | 1508 | 332273 | 1508 |
| 1981-82 | 404973 | 1576 | 377481 | 1459 |
| 1982-83 | 71150 | 1809 | 386851 | 1485 |
| 1983-84 | 552328 | 2092 | 371168 | 1406 |
| 1984-85 | 614145 | 2296 | 394158 | 1473 |
| 1985-86 | 650341 | 2398 | 408636 | 1507 |
| 1986-87 | 735437 | 2676 | 399297 | 1453 |
| 1987-88 | 825756 | 2937 | 416563 | 1482 |
| 1988-89 | 918172 | 3233 | 458410 | 1614 |
| 1989-90 | 1066768 | 3718 | 489236 | 1705 |
| 1990-91 | 1217349 | 4200 | 526234 | 1815 |
| 1991-92 | 1510165 | 5140 | 536466 | 1826 |
| 1992-93 | 1717520 | 5768 | 575161 | 1932 |
| 1993-94 | 1968826 | 6524 | 638051 | 2114 |
| 1994-95 | 2323614 | 7597 | 663370 | 2169 |
| 1995-96 | 2580181 | 8324 | 701799 | 2264 |
| 1996-97 | 2847952 | 9066 | 742249 | 2363 |

പ്രൈസസ് വിഭാഗം :

ഈ വിഭാഗം പ്രൈസസ് ഡിവിഷനിൽ പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരീസ്, കമ്പോള നിലവാരം എന്നിവയെ സംബന്ധിച്ച ജോലികൾ ചെയ്തു വരുന്നു.

പ്രൈസസ് ജനറൽ വിഭാഗം :

ആവശ്യ സാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും നാഷണൽ ഇൻഫർമാറ്റിക് സെൻറർ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും അയച്ചു വരുന്നു.

സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിന്റെ ആവശ്യപ്രകാരം എല്ലാ ബുധനാഴ്ചത്തെയും 15 ഇനം ആവശ്യസാധനങ്ങളുടെ വില തിരുവനന്തപുരം, എറണാകുളം എന്നീ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് നൽകി വരുന്നു.

എല്ലാ ജില്ലാ കേന്ദ്രങ്ങളിലേയും 16 ഇനം അത്യാവശ്യ സാധനങ്ങളുടെ ചില്ലറ വിലയും 5 ഇനം സാധനങ്ങളുടെ മൊത്തവിലയും സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യാനുസരണം നൽകുന്നു.

പച്ചക്കറി, ഇലക്കറി എന്നിവയുടെ ദിവസേനയുള്ള ചില്ലറ വില തിരുവനന്തപുരം കേന്ദ്രത്തിൽ നിന്നും ശേഖരിച്ച് ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെൻറ് കോർപ്പറേഷന് നൽകുന്നു.

50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വിലനില വാരം ജില്ലാകേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ മാസത്തേക്കുള്ള സ്റേറററ്മെൻറ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യാനുസരണം അയച്ചുകൊടുക്കുന്നു.

വിലയുടെ പ്രവണതയെ കാണിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്കും മററു വിവിധ കേന്ദ്രങ്ങളിലേക്കും അയയ്ക്കുന്നു. ആവശ്യ സാധനങ്ങളുടെ വില വിവരം പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ് ബാങ്കിൻെറ പ്രസ്തുത വിഭാഗത്തിനും ഈ വകുപ്പിൽ നിന്നും നൽകി വരുന്നു.

കേന്ദ്ര സർക്കാരിൻെറ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും എല്ലാ വെള്ളിയാഴ്ചത്തേയും ആവശ്യ സാധനങ്ങളും ചില്ലറ വിലയും എല്ലാ മാസത്തേയും അവസാനത്തെ വെള്ളിയാഴ്ച ദിവസത്തെ പ്രധാനപ്പെട്ട ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി കേന്ദ്ര സർക്കാരിൻെറ കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിലേക്ക് അയച്ചുകൊടുക്കുന്നു.

ഉപഭോക്തൃ വില സൂചിക.—തിരുവനന്തപുരം, കൊല്ലം, പുനലൂർ, ആലപ്പുഴ, കോട്ടയം, മുണ്ടക്കയം, മൂന്നാർ, എറണാകുളം, ചാലക്കുടി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, മേപ്പാടി, കണ്ണൂർ എന്നീ തെരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചിക 1970–100 അടിസ്ഥാന വർഷമാക്കി എല്ലാ മാസവും തയ്യാറാക്കി ദിനപ്പത്രങ്ങളിലും ഗസററിലും പ്രസിദ്ധീകരിച്ചുവരുന്നു.

ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേറററുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖലാ-സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയ്ക്ക് നേരിട്ട് അയച്ചുകൊടുക്കുന്നു.

അലോപ്പതി, നാട്ടുചികിൽസ, ഹോമിയോ, ജയിൽ, ഇ. എസ്. ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകൾ സംബന്ധിച്ച് ആവശ്യത്തിനുവേണ്ടി ഭക്ഷ്യ സാധനങ്ങളുടെയും ആശുപത്രികൾക്കാവശ്യമായ അത്യാവശ്യസാധനങ്ങളുടെയും കമ്പോള ചില്ലറവില സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് നൽകിവരുന്നു. ഭക്ഷ്യ സാധനങ്ങളുടെ വില ശേഖരണങ്ങൾ റിപ്പോർട്ടുവർഷത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാല് ത്രൈമാസത്തിൻെറയും ആദ്യ വെള്ളിയാഴ്ച നടത്തുന്നു.

കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോള വില റിപ്പോർട്ടുവർഷത്തിൽ ജനുവരി മാസം ശേഖരിച്ച് നൽകി വരുന്നു. പ്രസ്തുത വില വിവരങ്ങൾ, ജില്ലാ മെഡിക്കലാഫീസുകൾ,

ആരോഗ്യ വകുപ്പ് ഡയറക്ടറേററ്, മെഡിക്കൽ കോളേജുകൾ ക്ഷയരോഗ ആശുപത്രികൾ കുഷ്ഠരോഗാശുപത്രികൾ, ജയിൽ, ഇ. എസ്. ഐ. ആശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാളമേധാവികളുടെ ഓഫീസുകൾ, മാനസിക ആശുപത്രികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തുവരുന്നു. കൂടാതെ വില വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ അപേക്ഷാനുസരണം അയച്ചുകൊടുക്കുന്നു.

ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ.—ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോള വില ശേഖരിച്ച് അയച്ചുകൊടുക്കുന്നു.

വന വിഭവങ്ങളുടെ വില ശേഖരിക്കൽ.—13 ഇനം വന വിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്ക് നൽകുന്നുണ്ട്. ഇവയുടെ വാർഷിക വില അയൽ സംസ്ഥാനങ്ങളിലെ ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, നാഗർകോവിൽ എന്നീ കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് അന്വേഷിച്ച് വനപാലകന് അയച്ചുകൊടുക്കുന്നു.

മാർക്കററ് ഇൻറലിജൻസ് പദ്ധതി.—ഉൽപ്പന്നങ്ങളുടെ വിലവിവരം, ആകെയുള്ള ഉൽപ്പാദനം, തനതാവശ്യം കഴിഞ്ഞ് വിൽപ്പനയ്ക്ക് ലഭ്യമായ ഉൽപ്പന്നങ്ങളുടെ അളവ് കമ്പോളത്തിൽ ഉൽപ്പന്നങ്ങളുടെ വരവും പോക്കും ശേഖരണം, ശേഖരണത്തിൻെറ ഫലമായുണ്ടാകുന്ന നഷ്ടം, ഗവൺമെൻറ് തലത്തിൽ നടത്തുന്ന ക്രയവിക്രയം എന്നിവ അറിഞ്ഞുകമ്പോളവില നിർണ്ണയം നടത്തുകയാണ് മാർക്കററ് ഇൻറലിജൻസ് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ഓഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്റ്റാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർകോട് ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിർമ്മിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. അതേസമയം ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 4 ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കി കേന്ദ്രങ്ങളിൽ താലൂക്കാഫീസിലുള്ള ഇൻവെസ്ററിഗേററർമാരും കമ്പോളനിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ നിലയങ്ങളിൽ കൂടി പ്രക്ഷേപണം ചെയ്തുവരുന്നു.

പ്രതിവാര കമ്പോള നിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട വിഭവങ്ങളുടെ കമ്പോള നിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു.

അരിയുടെ പരസ്യ വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വിപണനം നടത്തുന്ന അരിയുടെ പരസ്യംപോലെ വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്ത വിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങൾക്കും റിസർവ് ബാങ്കിനും ആവശ്യാനുസരണം നൽകി വരുന്നു. അരിയുടെയും നെല്ലിൻെറയും മാർക്കററിലെ പ്രതിമാസ മൊത്ത വില ശേഖരിച്ച് മദ്രാസിലെ സിവിൽ സപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ടുമെൻറിന് അയച്ചുകൊടുക്കുന്നു.

ഇൻഡക്സ് സീരീസ് വിഭാഗം :

ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു.

1. കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.
2. കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.
3. കാർഷിക വേതന സൂചിക.

(1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.—പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി വരുന്നു. 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കി വരുന്നത്.

(2) കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.—1952-53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തികനില കാർഷികോൽപ്പന്നങ്ങളുടെ വില അവയുടെ ഉൽപ്പാദനത്തിനുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കിയതും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇത് പ്രതിമാസ സൂചികയാണ്.

(3) കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിനിന്നുള്ള ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിൻെറ കണക്ക് ഇൻഡ്യാ ഗവൺമെൻറിൻെറ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പം തന്നെ കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു.

കർഷക തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ച് തയ്യാറാക്കി കൃത്യമായി ഇൻഡ്യാ ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്തുവരുന്നു.

കൂടാതെ തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദൈവാര തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് ത്രൈമാസ റിപ്പോർട്ടുകളായി അയച്ചുവരുന്നു.

പ്രധാനപ്പെട്ട 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചുവരുന്നു.

കയറിന്റെയും തൊണ്ടിന്റെയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിക്കും തിരുവനന്തപുരത്തുള്ള കയർ ഡവലപ്പ്മെൻറ് ഡയറക്ടർക്കും അയച്ചുവരുന്നു. കയറിന്റെ തന്നെ പ്രതിമാസ വിലനിലവാരം കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തുവാനായി ഗവൺമെൻറ് അച്ചടിശാലയ്ക്കും നൽകിവരുന്നു.

കാർഷിക വിഭവങ്ങളുടെ വില വിവരങ്ങൾ കോടതി നിർദ്ദേശപ്രകാരം നൽകിവരുന്നു.

കേന്ദ്ര സർക്കാരിന്റെ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തുവരുന്ന 1981-82 അടിസ്ഥാന വർഷമായിട്ടുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധസർക്കാർ, പൊതുസ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കരാറുകാർക്കും നൽകിവരുന്നു.

അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

ഉപ്പിന്റെ പ്രതിവാര കമ്പോള മൊത്തവിലയും ചില്ലറ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി സാൾട്ട് കമ്മീഷണർ ജയ്പൂരിനും അയച്ചു കൊടുക്കുന്നു.

സുഗന്ധദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറ വില ശേഖരിച്ച് കോഴിക്കോട്ടുള്ള സ്പൈസസ് ഡെവലപ്പ്മെൻറ് ഡയറക്ടർക്കും എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചു കൊടുക്കുന്നു. വയനാട്, കാസർഗോഡ് ജില്ലകളിൽ നിന്നും സുഗന്ധദ്രവ്യങ്ങളുടെ മൊത്തവില ശേഖരിച്ച് കോഴിക്കോട് സ്പൈസസ് ഡെവലപ്പ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചു കൊടുക്കുന്നു.

സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും 27 കാർഷിക വിഭവങ്ങളുടെ ചില്ലറ വില ശേഖരിച്ച് ക്രോഡീകരിച്ച് കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നത് തുടർന്നു വരുന്നു.

എല്ലാ ജില്ലകളിൽ നിന്നും മാങ്ങയുടേയും പുറുത്തിചക്കയുടേയും വരാന്ത്യ മൊത്തവില ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുന്നു.

എല്ലാ ജില്ലകളിൽ നിന്നും തോട്ടണ്ടിയുടെ ദൈവാര മൊത്തവില ശേഖരിച്ച് കേന്ദ്രഗവൺമെൻറിന് അയച്ചു കൊടുക്കുന്നു.

കെ. എൽ. ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാകളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങളുടെ പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി എല്ലാ ത്രൈ മാസികത്തിലും കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകി വരുന്നു.

ജനസംഖ്യ പഠന വിഭാഗം

ജനന മരണ സ്ഥിതി വിവരം.—സംസ്ഥാനതൊട്ടാകെയുള്ള ജനന മരണ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി നടപ്പു വർഷവും തുടർന്നു. സ്പോട്ട് ചെക്ക് സർവേ, മരണ കാരണങ്ങളെപ്പററി മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിൻമേലുള്ള പഠനം ഗ്രാമപ്രദേശങ്ങളിലുണ്ടാകുന്ന മരണകാരണങ്ങളെ പററിയുള്ള പഠനം എന്നീ പദ്ധതികളും നടപ്പുവർഷം തുടർന്നു.

റിപ്പോർട്ടു വർഷം ഒരു അസിസ്ററൻറ് ഡയറക്ടറും, ഒരു റിസർച്ച് ഓഫീസറും 6 കംപയിലറും ടി വിഭാഗത്തിലെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു.

സിവിൽ രജിസ്ട്രേഷൻ.—1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടനുസരിച്ച് പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും ഉള്ള രജിസ്ട്രാർമാർ ജനന മരണങ്ങൾ രജിസ്ററർ ചെയ്യുന്നു. ടി രജിസ്ട്രേഷന്റെ ശരി പകർപ്പുകൾ തയ്യാറാക്കി (ജനന മരണ രജിസ്ട്രേഷൻ കാർഡുകൾ) ഇവിടെ എത്തിച്ചു തരുന്നു. ജനന മരണ കണക്കുകളുടെ ഒരു പ്രതിമാസ റിപ്പോർട്ടും വാർഷിക ജനനമരണ നിരക്ക് ഉൾക്കൊള്ളുന്ന ഒരു പ്രതിവർഷ റിപ്പോർട്ടും രജിസ്ട്രാർ ജനറലിനു അയച്ചുകൊടുക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ 1994 വർഷം രജിസ്ററർ ചെയ്ത ജനന മരണങ്ങളുടെ നിരക്കുകൾ കൊടുത്തിരിക്കുന്നു.

| | ജനന നിരക്ക് | മരണ നിരക്ക് | ശിശുമരണം |
|---|---|---|---|
| സംസ്ഥാനം | 17.52 | 5.38 | 10.41 |
| പട്ടണ പ്രദേശം | 68.84 | 12.01 | 13.10 |
| ഗ്രാമ പ്രദേശം | 9.11 | 4.29 | 7.07 |

മോഡൽ രജിസ്ട്രേഷൻ (സർവേ ഓൺ കോസ് ഓഫ് ഡത്ത്).—ഗ്രാമ പ്രദേശങ്ങളിലുണ്ടാകുന്ന മരണങ്ങളുടെ യഥാർത്ഥ കാരണം ശേഖരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 74 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഈ സർവേ നടന്നു വരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലെ പാരാ മെഡിക്കൽ ഉദ്യോഗസ്ഥൻമാർ പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് മെഡിക്കൽ ഓഫീസറുടെ പരിശോധനക്കായി സമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ അംഗീകാരത്തിനുശേഷം മാസാന്ത്യ റിപ്പോർട്ടും അർദ്ധവാർഷിക റിപ്പോർട്ടും തയ്യാറാക്കി ഈ ആഫീസിലേയ്ക്ക് അയച്ചു തരുന്നു. ഈ റിപ്പോർട്ടുകൾ വിശദമായ പരിശോധനയ്ക്കും ക്രമീകരണത്തിനും ശേഷം കേന്ദ്ര രജിസ്ട്രാർ ജനറലിനു അയച്ചു കൊടുക്കുന്നു. റിപ്പോർട്ട് വർഷം പി. എച്ച്. സി.യിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ റിപ്പോർട്ടുകളും കേന്ദ്ര ഗവൺമെൻറിന് അയച്ചു കൊടുത്തിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച് സർവേ റിപ്പോർട്ടുകൾ
പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും
കേന്ദ്ര ഗവൺമെന്റിൽ നിന്നും നിയമിച്ചിട്ടുള്ള സൂപ്പർവൈസർ തസ്തിക
ഇപ്പോഴും തുടരുന്നു. ഈ സർവേയുടെ ഭാഗമായി നടത്തുന്ന വാർഷിക
പരിശീലന പരിപാടി ബന്ധപ്പെട്ട ഫീൽഡ് ജീവനക്കാർക്കും മെഡിക്കൽ
ഓഫീസർമാർക്കും ഈ വർഷം നൽകുകയുണ്ടായി.

സ്പോട്ട്ചെക്ക് സർവേ.— പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാ
രുടെ ജനന മരണങ്ങൾ കൃത്യമായി അറിയുന്നതിനും രജിസ്ട്രേഷനിൽ
വന്നിട്ടുള്ള കുറവു മനസ്സിലാക്കുന്നതിനുംവേണ്ടി നടത്തുന്ന പദ്ധതി
യാണിത്. സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിലും 31 മുനിസി
പ്പാലിററികളിലും ഓരോ യു. ഡി. കംപയിലർമാരെ നിയമിച്ചിട്ടുണ്ട്.
ഇതുകൂടാതെ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠന
ത്തിനുവേണ്ടി മൂന്നു കോർപ്പറേഷനുകളിലും കൊല്ലം ആലപ്പുഴ മുനിസി
പ്പാലിററികളിലും ഓരോ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസറേയും ഓരോ
റിസർച്ച് അസിസ്ററൻറ്മാരേയും ഓരോ എൽ. ഡി. കംപയിലർമാരേയും
നിയമിച്ചിട്ടുണ്ട്.

മൂന്നു കോർപ്പറേഷനുകളിലും, മുനിസിപ്പാലിററികളിലും ഗുരുവായൂർ
ടൗൺഷിപ്പിലും തിരഞ്ഞെടുത്ത വാർഡുകളിലെ വീടുകൾ സന്ദർശിച്ച്
രജിസ്ററർ ചെയ്തതും അല്ലാത്തതുമായ എല്ലാ ജനന മരണ വിവര
ങ്ങളും ശേഖരിക്കുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കോർപ്പ
റേഷനുകൾ/ മുനിസിപ്പാലിററികൾ/ടൗൺഷിപ്പ് എന്നിവടങ്ങളിലെയഥാർത്ഥ
ജനന മരണ നിരക്കും അണ്ടർ രജിസ്ട്രേഷനും കണക്കാക്കി വരുന്നു.
1995 വർഷത്തിൽ സർവേയുടെ വാർഷിക റിപ്പോർട്ടു വരെപ്രസിദ്ധീ
കരിച്ചിട്ടുണ്ട്.

മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്ക
ററിൻമേലുള്ള പഠനം.—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പ
റേഷനുകളും കൊല്ലം, ആലപ്പുഴ എന്നീ മുനിസിപ്പാലിററികളും ഈ പഠന
ത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. റിപ്പോർട്ടു വർഷം യാതൊരു കോർപ്പ
റേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഡെപ്യൂട്ടി
ഹെൽത്ത് ഓഫീസറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ഈ പദ്ധതി
പ്രാവർത്തികമാക്കുവാൻ കഴിഞ്ഞില്ല. 1993, 1994, 1995 എന്നീ വർഷങ്ങളിലെ
കോഴിക്കോട് കോർപ്പറേഷനു മാത്രം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി
പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ. സിവിൽ
രജിസ്ട്രേഷനിൽ ഉണ്ടാകാവുന്ന അപാകതകൾ നിമിത്തം
കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാ വർദ്ധനവ്
കണക്കുകൾ ലഭ്യമാകാതെവന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ
ജനറൽ ഒരു പൊതുനിർദ്ദേശ മാനുവലിൻെറ അടിസ്ഥാനത്തിൽ

ആവിഷ്ക്കരിച്ച് ഭാരതമൊട്ടാകെ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ. കേരളത്തിൽ ഒട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ യൂണിററുകളാണ് ഈ പദ്ധതി പ്രകാരമുള്ള കണക്കെടുപ്പു നടത്തുന്നത്.

ഈ പദ്ധതി നടത്തിപ്പിനായി ഗ്രാമ പ്രദേശങ്ങളിൽ 150 പാർട്ട് ടൈം എന്യൂമറേററർമാരും, ഗ്രാമപ്രദേശങ്ങളിലും ജില്ലാ ഓഫീസുകളിലുമായി സെൻസസ് വകുപ്പിൽ നിന്നുള്ള 17 കമ്പ്യൂട്ടർ സൂപ്പർവൈസർമാരും കൂടാതെ ജില്ലാ ഓഫീസുകളിൽ 14 അഡീഷണൽ ജില്ലാ ഓഫീസർമാരും 17 സാമ്പിൾ രജിസ്ട്രേഷൻ ഇൻവെസ്ററിഗേററർമാരും ഡയറക്ടറുടെ ഓഫീസ് കേന്ദ്രീകരിച്ച് ഒരു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസറും ഒരു റിസർച്ച് അസിസ്ററൻറും 2 യു. ഡി. കംപയിലർമാരും ഒരു കമ്പ്യൂട്ടർ പോസ്ററും നിലവിലുണ്ട്.

ജനസംഖ്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേററർമാർ ജനനവും മരണവും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യ ത്രൈമാസ റിപ്പോർട്ടുകൾ അയച്ചുതരികയും അവയുടെ സംഗ്രഹം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. നടപ്പു വർഷത്തിൽ 63, 64 എന്നീ രണ്ട് അർദ്ധ വാർഷിക സർവേകൾ നടത്തുകയും പ്രസ്തുത സർവേയുടെ ഫലം പരിശോധിച്ച് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ 65-ാം റൗണ്ട് സർവേയുടെ ഫീൽഡ് വർക്ക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രാർ ജനറലിൻെറ നിർദ്ദേശപ്രകാരം 65-ാമത് സർവേയോടൊപ്പം ഫെർട്ടിലിററി ആൻറ് മോർട്ടാലിററി സർവെ ആരംഭിക്കുകയുണ്ടായി. അത് തുടർന്ന് വരികയാണ്.

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം നേടുകയും അത് അച്ചടിക്കാൻ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1994-ലെ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

1996-ൽ രജിസ്ട്രാർ ജനറൽ പ്രസിദ്ധീകരിച്ചജനന മരണ നിരക്കുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ജനന നിരക്ക് | — | 17.8 |
| മരണ നിരക്ക് | — | 6.2 |
| ശിശു മരണ നിരക്ക് | — | 13.0 |

**ഭവന നിർമ്മാണവും വേതന ഘടന സർവേയും**—ഭവന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടേയും, വ്യാപാര വാണിജ്യ മേഖലയിൽ ജോലി ചെയ്യുന്ന ജോലിക്കാരുടേയും വേതന ഘടനയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് സംഗ്രഹിച്ച് ഭവന നിർമ്മാണ രംഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതന ഘടനയെക്കുറിച്ചുള്ള വിവരങ്ങൾ സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന് പഠനത്തിനായി കൊടുക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

ഭവന നിർമ്മാണം.—ഇൻഡ്യാ ഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള ദേശീയ കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശ പ്രകാരം ഈ വിഭാഗം സംസ്ഥാന കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടിയുള്ള സ്ഥിതിവിവരക്കണക്കുകൾ പട്ടണ പ്രദേശങ്ങളിൽ നിന്നും ഗ്രാമപ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്.

മുനിസിപ്പൽ ഭരണ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗം കേരളത്തിലെ വിവിധ മുനിസിപ്പാലിററികളിൽ കെട്ടിടം പണിയുവാൻ അനുവാദം കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് പ്രത്യേകം പട്ടികകളായി ഇവിടേക്ക് അയച്ചുതരുന്നു. അപ്രകാരം ലഭിക്കുന്ന പട്ടികകൾ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് ഇവിടെനിന്നും അയച്ചുകൊടുക്കുന്നു. ഇപ്രകാരം 31-3-1996 വരെയുള്ള കണക്കുകൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സംസ്ഥാന പൊതുമരാമത്തു വകുപ്പിലും ഭവന നിർമ്മാണ സംബന്ധമായ കണക്കുകൾ ശേഖരിക്കുന്നതിന് ഒരു സ്ററാററിസ്ററിക്കൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം പൊതുമരാമത്തുവകുപ്പ് ഏറെറടുത്ത് നടത്തുന്നതും 50,000 രൂപയ്ക്കുമേൽ ചെലവു ചെയ്തു നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വാർഷിക പട്ടികകളായി ഈ ആഫീസിലേക്ക് അയച്ചുതരുന്നു. ആയവ സൂക്ഷ്മ പരിശോധന നടത്തിയശേഷം ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ വില നിലവാരവും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലകളിൽ നിന്നും ഓരോ ത്രൈമാസത്തിലും ശേഖരിച്ച് ഡയറക്ടറേററിലേക്ക് അയച്ചുതരുന്നു. അവ സൂക്ഷ്മ പരിശോധന നടത്തിയശേഷം സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുന്നു. 30-6-1993 വരെയുള്ള ത്രൈമാസിക റിപ്പോർട്ടുകൾ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

വേതന ഘടന സർവ്വെ.—നഗരങ്ങളിലേയും, ഗ്രാമങ്ങളിലേയും മൊത്ത വ്യാപാര സ്ഥാപനങ്ങളിലും ചില്ലറ വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടേയും, കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വേയുടെ ഉദ്ദേശം. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ സംസ്ഥാന വരുമാനം കണക്കാക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. ഈ സർവ്വേ പ്രകാരം എല്ലാ ജില്ലാ ആഫീസുകളിൽ നിന്നും ഓരോ ത്രൈമാസത്തിലും ഈ സർവ്വേയ്ക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലേയും കെട്ടിട നിർമ്മാണ യൂണിററിലേയും തൊഴിലാളികളുടെ വേതന നിരക്കുകൾ ശേഖരിച്ച് ഇവിടേക്ക് അയച്ചുതരുന്നു. അവ സൂക്ഷ്മ പരിശോധന നടത്തിയശേഷം വാർഷികാടിസ്ഥാനത്തിൽ വേതന നിരക്കുകൾ സംഗ്രഹിച്ച് പട്ടികകൾ തയ്യാറാക്കുന്നു. ഇങ്ങനെ തയ്യാറാക്കുന്ന പട്ടികകളിലെ വിവരങ്ങൾ ഈ ആഫീസിലെ സംസ്ഥാന വരുമാനം

കണക്കാക്കുന്ന വിഭാഗവും സംസ്ഥാന ആസൂത്രണ വിഭാഗവുമാണ് ഉപയോഗിക്കുന്നത്. കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ ദിവസക്കൂലിയെ സംബന്ധിച്ച പട്ടികകൾ 1996-97 വരെയുള്ളത് ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

തൊഴിൽ വിഭാഗം.—1948-ലെ ഫാക്ടറി നിയമപ്രകാരം 1995-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളിലെ വാർഷിക കണക്കുകൾ ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഡയറക്ടറേററിൽ നിന്നും ശേഖരിച്ച്, റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട പത്രികകൾ സഹിതം (ഫോറം 2, 3, 4, 9, 12, 13 എ) സിംലയിലെ ലേബർ ബ്യൂറോയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

1995-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളിലെ വാർഷിക കണക്കുകളും ഇതേ വർഷംതന്നെ ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട പത്രികകൾ സഹിതം ലേബർ ബ്യൂറോയ്ക്ക് സമർപ്പിക്കുന്നു.

1994, 1995 എന്നീ വർഷങ്ങളിലെ ഫാക്ടറികളെ സംബന്ധിച്ച് അർദ്ധ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചു (ഫാറം 2).

പ്രതിമാസ വരുമാനം 1600 രൂപയിൽ കുറവായ ഫാക്ടറി തൊഴിലാളികളുടെ 1994, 1995 വർഷങ്ങളിലെ വേതനത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചു.

1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം 1996,1997 എന്നീ വർഷങ്ങളിലെ ഫാക്ടറികൾ, തോട്ടങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന വനിതകൾക്ക് നൽകിയ പ്രസവാനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ ലേബർ ബ്യൂറോയ്ക്ക് അയയ്ക്കാനായി തയ്യാറാക്കിയിട്ടുണ്ട്.

1996-ലെ വേതന നിയമപ്രകാരം 1600 രൂപയിൽ താഴെ വരുമാനമുള്ള തോട്ടം തൊഴിലാളികളുടെ 1996, 1997 എന്നീ വർഷങ്ങളിലെ വേതനത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചിട്ടുണ്ട്.

1997 ഓഗസ്ററ് മാസം വരെ ഫാക്ടറികളിലും തോട്ടങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, ലോക്കൗട്ട്, ലേ-ഓഫ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് സമർപ്പിച്ചു.

ഈ വകുപ്പിൽ നിന്നും എക്കണോമിക്സ് റിവ്യൂവിനുവേണ്ട വിവരങ്ങൾ സ്റേററ് പ്ലാനിംഗ് ബോർഡിന് അയച്ചുകൊടുക്കുന്നു.

വിലയിരുത്തൽ സർവ്വെ.—മണ്ണു സംരക്ഷണ വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പാക്കിയ മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ പഠനം സംബന്ധിച്ച ജോലിയാണ് ഈ വിഭാഗത്തിൽ ചെയ്യുന്നത്. പ്രത്യേക തൊഴിൽദാന പദ്ധതി, വായ്പാ പദ്ധതി എന്നിവ വഴി അഞ്ച് വർഷങ്ങൾക്ക് മുമ്പ് പൂർത്തീകരിച്ച പദ്ധതികളാണ് 1997-98-ൽ പഠനത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവിധ ജില്ലകളിൽ നിന്നും ശേഖരിച്ച കണക്കുകൾ ക്രോഡീകരിച്ച് 1992-93-ലെ മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ റിപ്പോർട്ട് ഈ വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിച്ചു.

1993-94-ലെ റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടറുടെ അംഗീകാരത്തിനായി ഈ കാലയളവിൽ സമർപ്പിച്ചിട്ടുണ്ട്.

1996-97-ലെ ടി റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ടാബുലേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്.

നാഷണൽ സാമ്പിൾ സർവ്വെ :—ഭാരത സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ, ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനും നടത്തിവരുന്ന സർവ്വേ ഈ വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ ഗ്രാമങ്ങളിലും നഗരങ്ങളിലും നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനും ഈ വകുപ്പും തുല്യ സാമ്പിളുകളിൽ സർവ്വേ നടത്തിവരുന്നു. ഓരോ കാലയളവിലും നിലവിൽ താൽപര്യമുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സർവ്വേ നടത്തുന്നു.

1997 ജനുവരി മുതൽ 1997 ഡിസംബർ വരെയുള്ള കാലയളവിൽ 53-ാം റൗണ്ട് സർവ്വേ നടന്നു. 504 സാമ്പിൾ ഗ്രാമപ്രദേശങ്ങളിലും 296 സാമ്പിൾ നഗര പ്രദേശങ്ങളിലും ഫീൽഡു ജോലി നടത്തി. ഈ സർവ്വേയിൽ മുഖ്യമായും മൊത്ത ചില്ലറ വ്യാപാര മേഖലകളിലെ പ്രധാനപ്പെട്ട വിവരങ്ങളാണ് ശേഖരിച്ചത്. ഇതിൽ ഉപഭോക്തൃ ചെലവ്, തൊഴിൽ, തൊഴിലില്ലായ്മ, കൈവശഭൂമി, അംഗവൈകല്യം, സാമൂഹ്യ ഉപഭോഗം എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. വ്യാപാര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സ്ഥാപനങ്ങളെക്കുറിച്ചും അതിന്റെ സാമ്പത്തികവും പ്രാവർത്തികവുമായ ഘടകങ്ങളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. കൂടാതെ കച്ചവടത്തെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ, ശിശു തൊഴിൽ ഉൾപ്പെടെയുള്ള തൊഴിൽ ക്രയവിക്രയം സ്ഥാപനം നടത്തുന്നതിനുള്ള ചെലവുകൾ, ഗാർഹിക ഉപഭോക്തൃ ചെലവിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവയും ഈ സർവ്വേയിൽ ഉൾപ്പെടുത്തുകയുണ്ടായി.

ഇതിനോടൊപ്പംതന്നെ കുടുംബങ്ങളുടെ ഉപഭോക്തൃ രീതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു ഒരു ഗാർഹിക ഉപഭോക്തൃ സർവ്വേയും നടത്തുകയുണ്ടായി. ഇവ രണ്ടിനുമായി വേറെ വേറെ ഫോറങ്ങൾ ഉപയോഗിച്ചു.

ഈ സർവ്വേയിൽ നിന്നും ഓരോ പ്രദേശത്തെ കച്ചവട സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുകയുണ്ടായി. ശമ്പളക്കാർ ഉൾപ്പെടെ അഞ്ചോ അതിൽ കുറവോ ജോലിക്കാർ ഉള്ളതും, ശമ്പളക്കാർ ഇല്ലാതെ സ്വന്തമായി നടത്തുന്നതുമായ വ്യാപാര സ്ഥാപനങ്ങളെ മാത്രമേ ഈ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. ഈ സർവ്വേയിൽ വിപുലമായ വിവരങ്ങൾ നിർദ്ദിഷ്ട ഷെഡ്യൂളുകളിൽ കടയുടമകളുമായി മുഖാമുഖ സംഭാഷണത്തിലൂടെ ശേഖരിച്ചു.

ഈ സർവ്വേയിൽകൂടി ശേഖരിച്ച വിവരങ്ങൾ ഗവൺമെന്റിന്റെ നയ രൂപീകരണത്തിനും, ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമാണ്. ഈ സർവ്വേയുടെ ഫാറം 0.0, 2, 41, 2, 1–0 എന്നിവ ഉപയോഗിച്ചാണ് വിവരങ്ങൾ ശേഖരിച്ചത്. ഫാറം 0.0 കുടുംബാംഗങ്ങളെ സംബന്ധിച്ചും "നോൺ അഗ്രികൾച്ചറൽ എൻറർപ്രൈസസിനെ സംബന്ധിച്ചും വിവരങ്ങൾ ശേഖരിച്ചു. ഫാം 1.0 യിൽ ഉപഭോക്താവിന്റെ ചെലവിനെക്കുറിച്ചുള്ള വിവരങ്ങളും 2.41.2-ൽ വ്യാപാര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സ്ഥാപനങ്ങളെ കുറിച്ചും അതിന്റെ സാമ്പത്തികവും പ്രാവർത്തികവുമായ ഘടകങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും ശേഖരിക്കുക ഉണ്ടായി.

എൻ. എസ്. എസി-ന്റെ 54-ാമതു റൗണ്ട് സർവ്വേ 1998 ജനുവരിയിൽ ആരംഭിച്ചു. ഈ സർവ്വേയിൽ കൂടി പൊതുസ്വത്തു വിഭവങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, കുടിവെള്ളം എന്നിവയെ സംബന്ധിച്ചും കുടുംബത്തിന്റെ ഉപഭോക്തൃ ചെലവ് എന്നിവയെ സംബന്ധിച്ചും വിവരങ്ങൾ ശേഖരിച്ചു. കുടുംബ ലവലിലും വില്ലേജ് ലവലിലും പൊതുസ്വത്തു വിഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് ഇത് ആദ്യമായാണ്. ഈ സർവ്വേയിൽ കൂടി കുടിവെള്ള സ്രോതസ്സ്, സാനിട്ടേഷൻ കക്കൂസുകൾ, മററു ശുചിത്വ പദ്ധതികൾ തുടങ്ങിയവയെ സംബന്ധിച്ചും, കുടുംബത്തിന്റെ അധീനതയിലും ഗ്രാമത്തിന്റെ അധീനതയിലുമുള്ള പൊതുസ്വത്തു വിഭവങ്ങളെക്കുറിച്ചും വിശദമായ വിവരങ്ങൾ ലഭ്യമാക്കും.

ഈ സർവ്വേക്ക് 0.1, 0.2, 3.3, 3.1, 1.0 എന്നീ ഷെഡ്യൂളുകളാണ് ഉപയോഗിക്കുന്നത്. 0.1, 0.2 എന്നീ ഫാറങ്ങളിൽകൂടി കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നു. ഫാറം 3.3-ൽ പൊതുസ്വത്തു വിവരങ്ങളെക്കുറിച്ചു വില്ലേജു ലെവലിലുള്ള വിവരങ്ങൾ ശേഖരിക്കുന്നു. ഫാറം 3.1-ൽ പൊതുസ്വത്തു വിവരങ്ങൾ, ശുചിത്വം, കുടിവെള്ളം തുടങ്ങിയവയെക്കുറിച്ചും ഉള്ള കുടുംബത്തിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.

ഫാറം 1.0 യിൽ ഉപഭോക്താവിന്റെ ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

1997-98 വർഷത്തിൽ 47-ാം റൗണ്ടിന്റെ തൊഴിൽ, തൊഴിലില്ലായ്മ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടു പട്ടികയും കുറിപ്പും സഹിതം തയ്യാറാക്കി 50-ാം റൗണ്ടിന്റെ ഡേററാ എൻട്രി ജോലി പൂർത്തീകരിച്ചു. കമ്പ്യൂട്ടർ ജോലി പുരോഗമിക്കുന്നു. 51-ാം റൗണ്ടിന്റെ സൂക്ഷ്മ പരിശോധന ജോലികൾ സെക്ഷനിൽ ധൃതഗതിയിൽ നടന്നുവരുന്നു.

പ്ലാനിംഗ് വിഭാഗം.—സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറെറടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലാൻ, പദ്ധതികൾ തയ്യാറാക്കി അവ സർക്കാരിനും പ്ലാനിംഗ് ബോർഡിനും നൽകുകയും, പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിനും ത്രൈമാസ റിപ്പോർട്ടു തയ്യാറാക്കി കേന്ദ്ര സർക്കാരിന് നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകുകയും ചെയ്യുന്നു. ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഐ. എം. ജി., കേരള ഇൻസ്ററിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പോലുള്ള സ്ഥാപനങ്ങളിൽ വിദഗ്ദ്ധ പരിശീലനത്തിനു തെരഞ്ഞെടുക്കുകയും ചെയ്യുന്നത് ഈ വിഭാഗത്തിന്റെ ചുമതലയാണ്.

1997-98 വർഷത്തെ ബഡ്ജററിൽ ഈ വകുപ്പിലേക്ക് ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.

| സ്കീമുകൾ | ബഡ്ജററിൽ വക കൊള്ളിച്ച തുക | ചെലവാക്കിയ തുക |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| (1) | (2) | (3) |
| 1. 3454-02-203-98. സംഗണക വിഭാഗം ശക്തിപ്പെടുത്തൽ | 15.00 | 12.49 |

| (1) | (2) | (3) |
|---|---|---|
| 2. 3454-02-203-97.വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി | 5.00 | 3.15 |
| 3. 3454-02-203-96. സ്ഥിതി വിവരക്കണക്കു വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി | 10.00 | 1.71 |
| 4. 3454-02-112-96. സർവ്വേയും പഠനങ്ങളും | 25.00 | .. |
| 5. 3454-02-111-98. അതാതു കാലത്തെ കാർഷിക സ്ഥിതിവിവരകണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുവേണ്ടിയുള്ള സർവ്വേ. (50 % കേന്ദ്ര സഹായം) | 600.00 | 507.92 |
| 6. 3454-02-111-91. സാമ്പത്തിക സെൻസസ് (100% സി.എസ്.എസ്.) | 125.00 | .. |
| 7. 3454-02-111-97. ചെറുകിട ജലസേചനങ്ങളെക്കുറിച്ചുള്ള യുക്തമായ സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്ര സഹായം) | 6.50 | 7.77 |
| 8. 2401-01-111-99. കാർഷിക സെൻസസ് (100% കേന്ദ്ര സഹായം) | 35.00 | 10.03 |
| 9. 3454-02-203-95. ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ. | 62.00 | 52.51 |

1997-98 സാമ്പത്തിക വർഷങ്ങിൽ ഈ വകുപ്പിലെ 36 ഉദ്യോഗസ്ഥൻമാരെ പരിശീലത്തിനുവേണ്ടി തെരഞ്ഞെടുക്കുകയുണ്ടായി. അവരിൽ ഒരാൾക്ക് സെൻട്രൽ സ്ററാററിസ്ററിൽ ഓർഗനൈസേഷനിലും 12 പേർക്ക് ഐ.എം.ജി. യിലും 22 പേർക്ക് ഡയറക്ടറേററിലുമായിരുന്നു പരിശീലനം. അവരുടെ വകുപ്പുതിരിച്ചുള്ള കണക്ക് താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| ജോയിൻറ് ഡയറക്ടർ | .. | 1 |
| സീനിയർ സൂപ്രണ്ട് | .. | 1 |
| ജൂനിയർ സൂപ്രണ്ട് | .. | 2 |
| ഡെപ്യൂട്ടി ഡയറക്ടറേഴ്സ് | .. | 3 |
| അസിസ്ററൻറ് ഡയറക്ടേഴ്സ് | .. | 2 |
| അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | .. | 3 |
| റിസർച്ച് ഓഫീസേഴ്സ് | .. | 6 |
| റിസർച്ച് അസിസ്ററൻറ് | .. | 5 |
| യു. ഡി. കമ്പയിലേഴ്സ് | .. | 7 |
| എൽ. ഡി. കമ്പയിലേഴ്സ് | .. | 6 |
| ആകെ | .. | 36 |

ഔദ്യോഗിക ഭാഷാ വിഭാഗം:—ഭരണ തലത്തിൽ ഔദ്യോഗിക ഭാഷ മലയാളം ആക്കുക എന്ന സർക്കാരിന്റെ നയം ഈ വകുപ്പിൽ നടപ്പിലാക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല.

കാലാകാലങ്ങളിൽ ഇതു സംബന്ധമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ വിവിധ തലങ്ങളിലെത്തിക്കുകയും താലൂക്ക്, ജില്ലാതലങ്ങളിൽ അവലോകനം നടത്തി ക്രോഡീകരിക്കുകയും ചെയ്ത് ഗവൺമെന്റിനു സമർപ്പിക്കുന്നു.

ഈ വകുപ്പ് ഒരു സാങ്കേതിക വകുപ്പായതിനാൽ പൂർണ്ണമായും മലയാളമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ഏകോപന സമിതി വിഭാഗം:—വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിലെ പ്രധാന പ്രവർത്തനം.

വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനു ഏകോപന സമിതി വിഭാഗത്തിലെ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ വാർഷികയോഗങ്ങൾ സംഘടിപ്പിക്കുകയും ഓരോ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെപ്പററി ചർച്ച നടത്തുകയും വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഇത്തരം സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുകയും ചെയ്യുന്നു.

പ്രസിദ്ധീകരണ വിഭാഗം:—ഈ വകുപ്പു നടത്തുന്ന സർവ്വേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. സ്ഥിതി വിവരക്കണക്കുകൾ ഉപഭോക്താക്കൾക്കു ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിന്റേതാണ്.

സർവ്വേകൾക്ക് ആവശ്യമായ ഫാറങ്ങൾ അച്ചടിക്കുക, അവ ജില്ലകളിൽ എത്തിക്കുക, പൂരിപ്പിച്ച ഫാറങ്ങൾ ഹെഡ് ഓഫീസിൽ എത്തിക്കുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലകളിൽപ്പെടുന്നു. ഈ വിഭാഗത്തിനോട് അനുബന്ധിച്ച് 1988 മാർച്ച് മുതൽ ഒരു റോട്ടാ പ്രിന്റിംഗ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്. വിവിധ സെക്ഷനുകൾക്ക് ആവശ്യമായ ഫാറങ്ങൾ, ഉപഭോക്തൃ വില സൂചിക എന്നിവയും താഴെ പറയുന്ന റിപ്പോർട്ടുകളും ഈ കാലയളവിൽ പ്രസ്സിൽ പ്രിന്റു ചെയ്തു പ്രസിദ്ധീകരിക്കുക ഉണ്ടായി.

1. പഞ്ചായത്തു ലെവൽ സ്ററാററിസ്ററിക്സ് 1996 കൊല്ലം ജില്ല.
2. ,, ,, ,, ഇടുക്കി ,,
3. ,, ,, ,, എറണാകുളം ,,
4. ,, ,, ,, തൃശൂർ ,,
5. ,, ,, ,, പാലക്കാട് ,,
6. ,, ,, ,, കോഴിക്കോട് ,,
7. റിപ്പോർട്ട് ഓഫ് വേജ് സ്ട്രക്ച്ചർ സർവ്വെ 1982-1992.

8. സ്റേററ് ഡൊമസ്ററിക് പ്രോഡക്ററ് 1989-1990.
സ്റേററ് ഡൊമസ്ററിക് പ്രോഡക്ററ് 1992-1993.
9. റിപ്പോർട്ട് ഓൺ പ്രൈവററ് മെഡിക്കൽ ഇൻസ്ററിററ്യൂഷൻസ് ഇൻ കേരള.
10. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ 1990.
11. ,, ,, ,, 1991.
12. ,, ,, ,, 1992.
13. റസിഡൻഷ്യൽ വൈററൽ റേററ്സ് ഇൻ കോർപ്പറേഷൻസ് ആൻറ് മുനിസിപ്പാലിററീസ്—1993.

ലൈബ്രറി.—ഏകദേശം 6000 (ആറായിരത്തോളം) പുസ്തക ശേഖരമുള്ള ഈ ലൈബ്രറിയിൻ ദേശീയ, അന്തർ ദേശീയ തലത്തിലുള്ള സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ വരുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

കേന്ദ്ര ഗവൺമെൻറിൻെറ സെൻസസ് ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിക്കുന്ന പുസ്തക ശേഖരവും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പുകളുടെ പ്രധാന റിപ്പോർട്ടുകൾ ഏക്കണോമിക്സ്, സ്ററാററിസ്ററിക്സ്, കംപ്യൂട്ടർ സയൻസ് തുടങ്ങിയ പുസ്തക ശേഖരവും ഈ ലൈബ്രറിയിൽ ഉണ്ട്.

വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യാനുസരണം നൽകുകയും ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാമൂഹ്യസേവകർ, സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധസംഘടനകൾ എന്നിവർ നിരന്തരം ലൈബ്രറി സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ലൈബ്രറിയിൽ നിന്നും ശേഖരിക്കുകയും ചെയ്യാറുണ്ട്.

സംഗണക വിഭാഗം.—1990-ൽ 6 കംപ്യൂട്ടറുകളുമായി പ്രവർത്തനം ആരംഭിച്ച ഈ ഡിവിഷനിൽ ഇപ്പോൾ 43 കംപ്യൂട്ടറുകളും മററു അനുബന്ധ ഉപകരണങ്ങളും ഉണ്ട്. ഇവയിൽ നടപ്പുവർഷം ഇൻഡ്യാ ഗവൺമെൻറ് നൽകിയ ആറ് കംപ്യൂട്ടറുകളും ഡിപ്പാർട്ടുമെൻറ് വാങ്ങിയ ഒരു സെർവ്വർ ഉൾപ്പെടെ അഞ്ചു മിഷ്യനുകളും ഉൾപ്പെടും. ഡിപ്പാർട്ടുമെൻറിൻെറ കംപ്യൂട്ടർ സംബന്ധമായ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമാണ് ഇപ്പോൾ ഈ ഡിവിഷൻ. 1997-98 വർഷത്തിൽ എല്ലാ ജില്ലാ ഓഫീസുകളും കംപ്യൂട്ടർ വൽക്കരിക്കുകയുണ്ടായി. ഓരോ ജില്ലയിലും നാല് കംപ്യൂട്ടറുകളും മററ് അനുബന്ധ ഉപകരണങ്ങളും നടപ്പുവർഷം വാങ്ങിയിട്ടുണ്ട്.

കഴിഞ്ഞ വർഷം ഈ ഡിവിഷനിൽ നടന്ന പ്രധാന ജോലികൾ താഴെ വിവരിക്കുന്നു.

എൻ.എസ്.എസ്. നാൽപത്തി മൂന്നാമത്തേയും 47-ാമത്തേയും റൗണ്ട് പ്രോസസ് ചെയ്തു. 50-ാമത്തെ റൗണ്ട് ഡേററാ എൻട്രി നടത്തി.

1994-ലെ വൈററൽ സ്ററാററിസ്ററിക്സിൻെറ വിവരങ്ങൾ ഡേററാ എൻട്രി നടത്തി.

1993-94-ലെ സ്പെഷ്യൽ ഹൗസ് ഹോൾഡ് സർവ്വെയുടെ വിവരങ്ങൾ ഡേററാ എൻട്രി നടത്തി.

ഡിപ്പാർട്ടുമെൻറ് ജീവനക്കാർക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നതിൻെറ ഭാഗമായി ഹെഡ് ഓഫീസിലെ ജീവനക്കാർക്ക് രണ്ട് ബാച്ചുകളിലായി പരിശീലനം നൽകി.

1997-98 വർഷത്തെ പദ്ധതി-പദ്ധതിയേതര ചെലവുകൾ


| ക്രമ നമ്പർ | പ്ലാൻ സ്കീം | രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | 3454-02-111-98 (ടി.ആർ.എസ്.) (50% കേന്ദ്രസഹായം) | 487.87 |
| 2 | 3454-02-111-91 എക്കണോമിക് സെൻസസ് (100% കേന്ദ്രസഹായം) | 0.62 |
| 3 | 3454-02-112-97 ചെറുകിട ജലസേചനങ്ങളെക്കുറിച്ചുള്ള യുക്തമായ സ്ഥിതി വിവരക്കണക്കുകൾ (100% കേന്ദ്രസഹായം) | 7.70 |
| 4 | 2401-01-111-99 കാർഷിക സെൻസസ് (100% കേന്ദ്ര സഹായം) | 25.04 |
| 5 | 3454-02-203-98 ഡയറക്ടറേററിൽ ഒരു സംഗത്തക വിഭാഗം സ്ഥാപിക്കൽ | 12.21 |
| 6 | 3454-02-203-96 സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി | 1.66 |
| 7 | 3454-02-203-95 ജില്ലകളിൽ കംപ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ | 44.63 |
| 8 | 3454-02-203-97. വാഹനം വാങ്ങുന്നതിനുള്ള പദ്ധതി | 3.15 |
| | ആകെ പ്ലാൻ | 582.88 |

| ക്രമ നമ്പർ | നോൺ പ്ലാൻ സ്കീം | രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | 3454-02-112-99 ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് | 431.06 |
| 2 | 3454-02-112-98 ദേശീയ സാമ്പിൾ സർവ്വെ (എൻ.എസ്.എസ്.) | 34.37 |
| 3 | 3454-02-112-96 സർവ്വെയും പഠനങ്ങളും | 25.10 |
| 4 | 3454-02-111-99 സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്ക് വിഭാഗം | 7.25 |
| 5 | 3454-02-111-97 വിലയിരുത്തൽ അടക്കം | 12.78 |
| 6 | 3454-02-111-93 മുനിസിപ്പാലിററികളിലെ ജനന മരണ സ്ഥിതി വിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ | 27.88 |
| 7 | 3454-02-203-99 തദ്ദേശ സ്വയംഭരണ സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടി സ്ഥിതി വിവരക്കണക്ക് ശേഖരണം മെച്ചപ്പെടുത്തൽ | 42.25 |
| 8 | 2216-80-001-97 ഹൗസിംഗ് | 4.97 |
| 9 | 2402-102-90 സോയിൽ കൺസർവേഷൻ | 4.08 |
| 10 | 2852-80-800-97 ഇൻഡസ്ട്രിയൽ സ്ററാററിസ്ററിക്കൽ യൂണിററ് | 2.80 |
| | ആകെ നോൺ പ്ലാൻ | 592.55 |

**Directorate of Economic and Statistics**

ORGANIZATION CHART—1997-98

CHART No. 6





3/3170/B.

**Directorate of Economic and Statistics**

ORGANIZATION CHART—1997-98

CHART No. 6




3/3170/B.

513